## 582

കർത്താവിനായ് പാരിലെന്റെ ജീവകാലമെല്ലാം
പാർത്തിടും ഞാൻ സ്തോത്രഗീതം പാടി

1 എന്റെ പാപശാപമെല്ലാം നീക്കി-കർത്തൻ
എന്നെ ദൈവപൈതലാക്കി മാറ്റി
സന്താപങ്ങൾ തീർന്നിന്നാകയാൽ ഞാൻ പാടും
സന്തോഷത്തിൻ സംഗീതമുച്ചത്തിൽ-

2 ആകുലങ്ങൾ തിങ്ങിടുന്ന നേരം-എന്നിൽ
ആശ്വാസം പകർന്നു നാഥൻ കാക്കും
ആപത്തിലും തെല്ലും മാറാതെ നിന്നെന്നെ
ആണിയേറ്റ പാണിയാൽ താൻ താങ്ങും-

3 ശത്രു നേരെ വന്നെതിർത്തെന്നാലും-എന്റെ
യാത്രാമദ്ധ്യേ എന്തു നേരിട്ടാലും
കർത്താവിൽ ഞാൻ ചാരി തൻമുഖത്തെ നോക്കി
യാത്രചെയ്യും ക്രൂശെടുത്തിപ്പാരിൽ-

4 വാട്ടം മാലിന്യമില്ലാത്ത നാട്ടിൽ-നിത്യ
വീട്ടിൽ ചെന്നു ചേരും നാൾവരെയും
വീഴാതെന്നെ കൈയിൽ വിശ്വസ്തനായ് കാത്തു
വിശ്വാസത്തിൻ നായകൻ നടത്തും- **G.P.**